# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org


**പത്രക്കുറിപ്പ്:** 18.05.2016

# എഴുത്തുകാരന്റെ നിശ്ശബ്ദത കുറ്റകരമാണ്
## കെ.ശിവറെഡ്ഢി

എഴുത്തുകാരന്റെ നിശ്ശബ്ദത താഴോട്ടുള്ള പതനമാണെന്നും അതു കുറ്റകരമാണെന്നും പ്രശസ്ത തെലുങ്കു കവി കെ.ശിവറെഡ്ഢി പറഞ്ഞു. കേരള സാഹിത്യ അക്കാദമി 59-ാം വാർഷികാഘോഷവും പുരസ്കാരസമർപ്പണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. എഴുത്ത് എന്നത് സർഗാത്മകമായ ഒരു പ്രക്രിയയാണ്. സമൂഹത്തിനു വേണ്ടത് ആശയങ്ങളെയും അനുഭവങ്ങളെയും ആവിഷ്ക്കരിക്കാനുള്ള സ്വാതന്ത്ര്യമാണ്. മനുഷ്യനെ മനുഷ്യനെന്നു പറയാൻ, രാത്രിയെ രാത്രിയെന്നു പറയാൻ, പകലിനെ പകലെന്നു പറയാൻ, മൃഗത്തെ മൃഗമെന്നു പറയാൻ ഉള്ള സ്വാതന്ത്ര്യം എഴുത്തുകാരന് ഉണ്ടാകണം.

ആന്ധ്രയുടെയും തെലുങ്കാനയുടെയും വിഭജനത്തിന്റെ വേദന അനുഭവിച്ചറിഞ്ഞവനാണ് ഞാൻ. റായൽസീമയിലൂടെ സഞ്ചരിച്ച്, അവിടത്തെ ജീവിതദുരിതങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. വിഭജനത്തിനുശേഷം പഴയ ആന്ധ്രപ്രദേശിലെ ഒരുപാട് സാംസ്കാരികമുന്നേറ്റങ്ങൾ നിർവ്വീര്യമായി. എന്നാൽ, കേരളത്തിലേക്ക് വരുമ്പോൾ ഞാൻ സന്തോഷവാനാവുന്നു. കേരളം എനിക്ക് രണ്ടാമത്തെ വീടാണ്. കേരളത്തിലെ ജലശേഖരവും പച്ചപ്പും എന്റെ കണ്ണിനെ സമാധാനിപ്പിക്കുന്നു. കേരളീയർക്കുള്ള ഏറ്റവും വലിയ സവിശേഷത അവർക്ക് മികച്ച സാംസ്കാരികാവബോധം ഉണ്ടെന്നതാണ്. സാഹിത്യത്തിന് കാലദേശങ്ങൾക്കതീതമായ പ്രസക്തിയുണ്ട്. ക്ലാസിക് കൃതികൾ നമ്മെ പഠിപ്പിക്കുന്നത് സഹിക്കാനും പൊറുക്കാനുമാണ്. സാഹിത്യം മാധ്യമമായി തെരഞ്ഞെടുത്തവരോട് ഒന്നേ പറയാനുള്ളൂ. നിങ്ങൾ അനുഭവങ്ങളോട് ആത്മാർത്ഥത കാണിക്കണം. എഴുത്ത് തുടർച്ചയുള്ള ജീവിതസാധനയാക്കണം. ഓരോ തലമുറയും രൂപപ്പെടുന്നത് വ്യത്യസ്ത അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ്. എങ്കിലും, മനുഷ്യൻ മനുഷ്യനാണെന്നു പറയാനുള്ള ആത്മധൈര്യവും സത്യസന്ധതയും ഏതൊരാളും കാണിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

സാഹിത്യ അക്കാദമി അതിന്റെ ചരിത്രത്തിലെ സുവർണ്ണകാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച അക്കാദമി പ്രസിഡണ്ട് പെരുമ്പടവം ശ്രീധരൻ പറഞ്ഞു. വിശ്വമലയാളമഹോത്സവം, മലയാളം-അറബി അന്തർദ്ദേശീയ സാഹിത്യോത്സവം, ദേശപ്പെരുമ സെമിനാറുകൾ, ജന്മശതാബ്ദി ആഘോഷങ്ങൾ, വിദേശങ്ങളിലും മറുനാട്ടിലും നടത്തിയ സാഹിത്യോത്സവങ്ങൾ, സാഹിത്യചരിത്രത്തിൽ നാഴികക്കല്ലായ പുസ്തകങ്ങളുടെ പ്രസാധനം എന്നിവയെല്ലാം അക്കാദമിക്ക് സാക്ഷാത്ക്കരിക്കാൻ സാധിച്ചു. കേരളത്തിലെ സാംസ്കാരിക പൊതുമണ്ഡലത്തിൽ സജീവമായി ഇടപെടാൻ അക്കാദമിക്ക് കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. വിശിഷ്ടാംഗങ്ങളായ പ്രൊഫ.എം.തോമസ് മാത്യു, കാവാലം നാരായണപ്പണിക്കർ എന്നിവരെ അക്കാദമി നിർവ്വാഹകസമിതി അംഗം ഡോ.ഡി.ബെഞ്ചമിൻ പരിചയപ്പെടുത്തി. സമഗ്രസംഭാവനാപുരസ്കാരജേതാക്കളെ ഡോ.ഷൊർണൂർ കാർത്തികേയൻ പരിചയപ്പെടുത്തി.വിശിഷ്ടാംഗത്വം ലഭിച്ച പ്രൊഫ.എം. തോമസ് മാത്യു, സമഗ്രസംഭാവനാപുരസ്കാരം നേടിയ ശ്രീധരൻ ചമ്പാട്, വേലായുധൻ പണിക്കശ്ശേരി, ഡോ. ജോർജ് ഇരുമ്പയം, ദേശമംഗലം രാമകൃഷ്ണൻ, ചന്ദ്രക്കല എസ്.കമ്മത്ത് എന്നിവർ മറുപടി പ്രസംഗം നടത്തി. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ സ്വാഗതവും അക്കാദമി പബ്ലിക്കേഷൻ കമ്മിറ്റി കൺവീനർ ഡോ. അജിതൻ മേനോത്ത് നന്ദിയും പറഞ്ഞു.

തുടർന്ന് അക്കാദമി പ്രസിദ്ധീകരിച്ച മലയാളസാഹിത്യചരിത്രം, ഭാഷാശബ്ദകല്പദ്രുമം എന്നീ പുസ്തകങ്ങൾ കെ.ശിവറെഡ്ഢി, പ്രൊഫ.എം.തോമസ് മാത്യുവിന് നൽകി പ്രകാശനം ചെയ്തു. ഡോ.എൻ.സാം, ഡോ.ആർ. വിജയകുമാർ, അക്കാദമി അംഗം ജോർജ് ജോസഫ് കെ. എന്നിവർ സംസാരിച്ചു.

ഉച്ചയ്ക്കുശേഷം നടന്ന സമ്മേളനത്തിൽ പെരുമ്പടവം ശ്രീധരൻ അക്കാദമി അവാർഡുകളും എൻഡോവ്മെന്റ് അവാർഡുകളും സമർപ്പിച്ചു. അക്കാദമി സെക്രട്ടറി ആർ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. അവാർഡ് ജേതാക്കളെ അക്കാദമി നിർവാഹകസമിതി അംഗം ഡോ.ഡി.ബെഞ്ചമിനും എൻഡോവ്മെന്റ് അവാർഡ് ജേതാക്കളെ അക്കാദമി അംഗം കൈനകരി ഷാജിയും പരിചയപ്പെടുത്തി. അക്കാദമി അവാർഡ് ജേതാക്കളായ ടി.പി. രാജീവൻ, പി.എൻ.ഗോപീകൃഷ്ണൻ, വി.കെ.പ്രഭാകരൻ, വി.ആർ.സുധീഷ്, ഡോ.എം.ഗംഗാധരൻ, ഡോ.എ. അച്യുതൻ, സി.വി.ബാലകൃഷ്ണൻ, കെ.എ.ഫ്രാൻസിസ്, സുനിൽ ഞാളിയത്ത്, എം.ശിവപ്രസാദ്, ടി.ജി.വിജയകുമാർ എന്നിവരും എൻഡോവ്മെന്റ് അവാർഡ് ജേതാക്കളായ ഡോ.എ.എം.ശ്രീധരൻ, ടി.ജെ.എസ്.ജോർജ്, പി.എൻ.ദാസ്, സന്ധ്യ എൻ.പി., വി.എം.ദേവദാസ്, മനോജ് മാതിരപ്പള്ളി, പി.പി.രവീന്ദ്രൻ തുടങ്ങിയവരും മറുപടി പ്രസംഗം നടത്തി. അക്കാദമി നിർവാഹകസമിതി അംഗം ഷാജു പുതൂർ സ്വാഗതവും അക്കാദമി അംഗം ഡോ.റോസി തമ്പി നന്ദിയും പറഞ്ഞു.

**ആർ. ഗോപാലകൃഷ്ണൻ**
സെക്രട്ടറി

**ഫോട്ടോ അടിക്കുറിപ്പ്**

കേരള സാഹിത്യ അക്കാദമി 59-ാം വാർഷികാഘോഷവും പുരസ്കാരസമർപ്പണവും പ്രശസ്ത തെലുങ്കു കവി കെ.ശിവറെഡ്ഡി ഉദ്ഘാടനം ചെയ്യുന്നു.